**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1604** **04-10-2016-ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ട് സഹായം**

| | ചോദ്യം<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാസർകോട് ജില്ലയിൽ പ്രത്യേകിച്ച് മഞ്ചേശ്വരം മേഖലയിൽ ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗം ബാധിച്ചവർ വളരെ അടുത്തുള്ള മംഗലാപുരത്തെ ആശുപത്രികളിലാണ് ചികിത്സ തേടുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് സഹായം അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേകാനുമതി തേടുന്നത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ; | (ബി) | കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 04/08/2016-ന് കൂടിയ 25-ാമത് സംസ്ഥാനതല കമ്മിറ്റിയിൽ മംഗലാപുരത്തുള്ള ഇൻഡ്യാന ആശുപത്രി, യേനപോയ് ആശുപത്രി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, ഫാദർ മുള്ളർസ് ആശുപത്രി, കസ്തൂർബാ മെഡിക്കൽ കോളേജ്, കെ.എം.സി. ആശുപത്രി എന്നീ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ സഹായം പ്രത്യേകാനുമതിയായി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടുന്ന അർഹരായ മുഴുവൻ രോഗികൾക്കും ഈ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.